**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2099** **14-10-2024 - ൽ മറുപടിയ്ക്ക്**

**കാരുണ്യ ബെനവലന്റ് ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഒരു റേഷൻ കാർഡിൽ ഉൾപ്പെട്ട എല്ലാ അംഗങ്ങൾക്കും കൂടി രണ്ടു ലക്ഷം രൂപയായി കാരുണ്യ ബെനവലന്റ് ഫണ്ട് മുഖേനയുള്ള ആനുകൂല്യം നിജപ്പെടുത്തിയിരിക്കുന്നതിനാൽ, ഒരു റേഷൻ കാർഡിൽ ഉൾപ്പെട്ട ഒരംഗത്തിന് കാൻസർ പോലെയുള്ള ഗുരുതര അസുഖങ്ങൾ ബാധിക്കുകയോ മേജർ ശസ്ത്രക്രിയ വേണ്ടിവരികയോ ചെയ്താൽ അനുവദിക്കപ്പെട്ട തുക ചെലവായി തീരുന്ന സാഹചര്യത്തിൽ, മറ്റ് അംഗങ്ങൾക്ക് ചികിത്സാ ആനുകൂല്യം ലഭിക്കാത്ത സാഹചര്യം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വിഷയം പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കാനാകുമെന്ന് വിശദമാക്കാമോ; | (എ) | ആയുഷ്മാൻ ഭാരത് പ്രധാൻ മന്ത്രി ജൻ ആരോഗ്യ യോജന/കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (ABPM JAY/KASP) പ്രകാരം അർഹരായ ഗുണഭോക്താക്കൾക്ക് സൗജന്യ ചികിത്സ നിലവിൽ നൽകി വരുന്നുണ്ട്. 2018-2019 കാലയളവിൽ സാധുതയുള്ള RSBY/CHIS കാർഡ് കൈവശമുണ്ടെങ്കിൽ പദ്ധതിയിൽ അംഗത്വമെടുക്കാവുന്നതാണ്. RSBY/CHIS വിഭാഗങ്ങൾക്ക് പുറമെ കേന്ദ്ര സർക്കാർ 2011-ലെ സാമൂഹിക സാമ്പത്തിക ജാതി സെൻസസ് പ്രകാരം തിരഞ്ഞെടുത്ത ദുർബല വിഭാഗങ്ങളും പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് അർഹരാണ്. ദുർബലമായ ഗോത്ര വർഗ്ഗ വിഭാഗങ്ങളെ 'കാസ്പ്' പദ്ധതിയിൽ ഉൾപ്പെടുത്തുവാനുള്ള പി.വി.ടി.ജി. ക്യാമ്പുകൾ ജില്ലാ ഭരണകൂടങ്ങളുടെ നേതൃത്വത്തിൽ സംസ്ഥാനത്തു സജീവമായി നടന്നു വരികയാണ്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം 5ലക്ഷം രൂപയുടെ വാർഷിക ചികിത്സാ ആനുകൂല്യങ്ങൾ മുഴുവൻ കുടുംബത്തിനും പൊതു സ്വകാര്യ മേഖലകളിൽ നിന്നും എംപാനൽ ചെയ്യപ്പെട്ടിട്ടുള്ള 584 ആശുപത്രികൾ വഴി ലഭിക്കുന്നതാണ്.<br><br>മേൽപ്പറഞ്ഞ വിഭാഗങ്ങളിൽ വരാത്ത കുടുംബങ്ങൾക്ക് വാർഷിക വരുമാനം 3 ലക്ഷത്തിന് താഴെ ആണെങ്കിൽ കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിൽ ചികിത്സ ലഭിക്കുന്നതാണ്. തദ്ദേശീയരായ ആദായ നികുതി ദായകരോ കേന്ദ്ര / സംസ്ഥാന സർക്കാർ ജീവനക്കാരോ അല്ലാത്ത കുടുംബങ്ങളിൽ ഉൾപ്പെടുന്നവരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. ഈ പദ്ധതി പ്രകാരം 2 ലക്ഷം രൂപയുടെ ചികിത്സ പരിരക്ഷ ലഭിക്കുന്നതാണ്. വൃക്ക സംബന്ധമായ രോഗങ്ങൾക്ക് ഒരു ലക്ഷം രൂപവരെ അധിക ചികിത്സ ആനുകൂല്യം ഈ പദ്ധതി മുഖേന ലഭിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | | കാരുണ്യ ബെനവലന്റ് ഫണ്ട് നടപ്പാക്കുന്നതിന് കേന്ദ്ര സർക്കാർ ധനസഹായം ലഭ്യമല്ലാത്തതും മുഴുവൻ തുകയും സംസ്ഥാന സർക്കാർ ചെലവഴിക്കുന്നതുമാണ്. ടി പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ വർധിപ്പിക്കുന്നത് ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല. |
| (ബി) | പ്രസ്തുത തുക ഓരോ അംഗങ്ങൾക്കും രണ്ട് ലക്ഷം രൂപ വീതം ലഭിക്കത്തക്ക വിധത്തിൽ അനുവദിക്കാൻ ആകുമോ; ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ; | (ബി) | ഉത്തരം (എ) പിരിവിൽ ചേർത്തിരിക്കുന്നു. |
| (സി) | ക്യാൻസർ രോഗ നിർണയത്തിനുള്ള പരിശോധനകൾക്ക് വലിയ തുക ചെലവാകുന്ന സാഹചര്യത്തിൽ രോഗ നിർണയത്തിനുള്ള ചെലവുകൾക്കും ആശുപത്രി വാസം കഴിഞ്ഞുള്ള തുടർചികിത്സയ്ക്കും പ്രസ്തുത ഫണ്ട് ഉപയോഗിക്കാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഉത്തരം (എ) പിരിവിൽ ചേർത്തിരിക്കുന്നു. |
| (ഡി) | രോഗനിർണയത്തിനും തുടർചികിത്സക്കും കാരുണ്യ ഫണ്ട് അനുവദിക്കാൻ കഴിയുന്ന തരത്തിലുള്ള നടപടികൾ സ്വീകരിക്കുമോ; സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ? | (ഡി) | ഉത്തരം (എ) പിരിവിൽ ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ